# അട്ടപ്പാടിയിലെ മുഡുഗസമൂഹം
## പ്രാദേശികസ്വത്വാന്വേഷണം

**ഡോ. മേഴ്സി കെ. വി.**
അസോസിയേറ്റ് പ്രൊഫസർ,
പിജി ഡിപ്പാർട്ട്മെന്റ് ഓഫ് മലയാളം,
ഗവ. വിക്ടോറിയ കോളേജ്, പാലക്കാട്.

**പ്രബന്ധസംഗ്രഹം**

ഉന്നതവും ഏറ്റവും പുരാതനവുമായ ഒരു പ്രദേശത്തിന്റെ സ്വത്വാന്വേഷണത്തിന്റെ ഭാഗമാണ് "അട്ടപ്പാടിയിലെ മുഡുഗസമൂഹം-പ്രാദേശിക സ്വത്വാന്വേഷണം" എന്ന പ്രബന്ധം. അട്ടപ്പാടിയെക്കുറിച്ച് വിശദമായും അവിടത്തെ ആദിമനിവാസികളെക്കുറിച്ച് വിശേഷിച്ചുമുള്ള നിരവധി ഗവേഷണാത്മക ഗ്രന്ഥങ്ങളും കള്ളമല ഊരിലെ ഫീൽഡ് വർക്കുമാണ് ഈ പ്രബന്ധരൂപീകരണത്തിന് സഹായകമായത്. മുഡുഗരുടെ പ്രാദേശികസ്വത്വാന്വേഷണം, ഊരിലെ തനതായ ഭരണവ്യവസ്ഥ, ആഹാരസമ്പാദനത്തിനും അതിജീവനത്തിനുമായുള്ള തൊഴിൽ വഴികൾ, ആരാധനാസമ്പ്രദായങ്ങൾ, വൈദ്യപാരമ്പര്യം, സ്ത്രീപുരുഷസ്വത്വനിർമ്മിതികൾ, വിവാഹ-ജനന-മരണങ്ങളിലൂടെ സ്വത്വമുദ്രകൾ അടയാളപ്പെടുത്തപ്പെടുന്നത്, ഫ്യൂഡൽ മുദ്രകൾ ഗോത്രമുദ്രകളിൽ ഏൽപ്പിച്ച അധീശത്വം, അതിജീവനത്തിനുള്ള കുടിൽ വ്യവസായസംരംഭങ്ങൾ, മാറ്റത്തിന്റെ നാൾവഴികൾ തുടങ്ങിയവ രേഖപ്പെടുത്താനുള്ള ശ്രമം ഈ പ്രബന്ധത്തിലുണ്ട്.

**സൂത്രവാക്കുകൾ**

ശിലവാറ്, ശെക്ഡഫൊട്ടകരെ, കുറുതലെ, പഞ്ചെക്കാട്, കമ്പളംകൊട്ട്, തൊട്ടി, തോലെ, കര്ണ്ടെ, ശിലെങ്കലമ്മെ, വെള്ളിഗെ, കുപ്പുണിഗൈ, ആറൂരെ, വണ്ടാർ, കുത്താർ, മൂപ്പ്ക്കാർ, കുമ്മിയാട്ടം, തമ്പ്.

സഹ്യപർവ്വതനിരകളിൽ സമുദ്രനിരപ്പിൽ നിന്നും 706 മീറ്റർ മുതൽ 2000 മീറ്റർ വരെ ഉയരത്തിൽ സ്ഥിതിചെയ്യുന്ന പ്രകൃതിമനോഹരമായ ഒരു താഴ്വരയാണ് അട്ടപ്പാടി. ഭൂമിയിലെ ഏറ്റവും പുരാതനമായ ഈ പ്രതലത്തിൽ ജീവന്റെ ഉത്ഭവകാലം മുതൽ മനുഷ്യവാസം ഉണ്ടായിരുന്നതായി കരുതപ്പെടുന്നു. അട്ടപ്പാടിയിലെ പ്രാക്തനസമൂഹം പൂർണമായും ഗോത്രവർഗ്ഗക്കാരാണ്. രണ്ടാം ലോകമഹായുദ്ധത്തിന് ശേഷമുള്ള കാലയളവിൽ ഞെട്ടിക്കുന്ന കുടിയേറ്റക്കണക്കുകളും ജന്മഭൂമിയിൽ അന്യവൽക്കരിക്കപ്പെട്ട ഗോത്രസമൂഹങ്ങളുമാണ്. അട്ടപ്പാടിയുടെ ചരിത്രത്തിലുള്ളത്. അട്ടപ്പാടിയിലെ ഗോത്രജനതയ്ക്കിടയിൽ പ്രഭുത്വം അവകാശപ്പെടുന്ന കള്ളമല ഊരിന്റെയും അവിടുത്തെ നിവാസികളായ മുഡുഗരുടേയും പ്രാദേശികസ്വത്വത്തിലേക്കുള്ള എത്തിനോട്ടമാണ് ഈ പ്രബന്ധത്തിലൂടെ ഉദ്ദേശിക്കുന്നത്.

**മുഡുഗരും പ്രാദേശികസ്വത്വവും**

അട്ടപ്പാടിയിലെ അഗളി പഞ്ചായത്തിൽ ഉൾപ്പെടുന്ന കള്ളമല ഊരിന്റെ അതിരുകൾ പടിഞ്ഞാറ് ശിലവാറ്, കിഴക്ക് കത്തിമലെ, തെക്ക് കൂട, വടക്ക് മോയമലെ എന്നിവയാണ്. ഈ പ്രദേശത്തെ ഫലഭൂയിഷ്ഠമാക്കുന്ന തോട് ശെക്ഡഫൊട്ടകരെ എന്നറിയപ്പെടുന്നു. ഐതിഹ്യപ്രകാരം ഇവരുടെ കുലദൈവം ആനയാണ്. തമിഴ്നാട്ടിലെ നീലഗിരി, സത്യമംഗലം, കോയമ്പത്തൂർ എന്നീ പ്രദേശങ്ങളിൽ നിന്നും അട്ടപ്പാടിയിലേക്കു കുടിയേറിയവരാണ് കള്ളമല ഊരിലെ മുഡുഗർ എന്ന് ഗവേഷകർ സാക്ഷ്യപ്പെടുത്തുന്നു. അട്ടപ്പാടിയിലെ മട്ടത്തുകാട്, കോട്ടത്തറ, കാരറ, പൊട്ടിക്കൽ എന്നീ പ്രദേശങ്ങളിലെ അവശിഷ്ടപഠനങ്ങളിൽ നിന്നാണ് ഈ ഊഹങ്ങളിലേക്ക് അവർ എത്തിച്ചേർന്നത്. എന്നാൽ, അട്ടപ്പാടിയിലെ മുഡുഗർ ഈ വാദം അംഗീകരിക്കുന്നില്ല. തനതുകൃഷിയുമായി ബന്ധപ്പെട്ടുള്ള യാത്രയാകണം ഉഷ്ണബാധിതമായ കോട്ടത്തറയിൽ നിന്നും സമശീതോഷ്ണകാലാവസ്ഥയുള്ള ഫലഭൂയിഷ്ടമായ കള്ളമല ഊരിലേയ്ക്ക് മുഡുഗരെ എത്തിച്ചത്. തനതുകൃഷി, കന്നുകാലിസംരക്ഷണം, വനവിഭവങ്ങളുടെ ശേഖരണം എന്നിവയിലൂടെ അവർ ജീവസന്ധാരണം

നിർവഹിച്ചു. സർക്കാർ സർവ്വേ നടത്തി വില്ലേജുകൾ രൂപീകരിക്കുകയും പട്ടയദാനം നടത്തുകയും ചെയ്തതോടെ ഇവരുടെ കൃഷിഭൂമി വലിയതോതിൽ നഷ്ടപ്പെട്ടു. പഞ്ചക്കാട്ഭൂമി[1] വനംവകുപ്പിന്റെ നിയന്ത്രണത്തിലായി. മൂപ്പിൽനായർ 200 ഏക്കറോളം ഭൂമി കൈവശം വെച്ചു. അവിടെ പണിയാളരായി വന്ന നാട്ടുകാർ വൻതോതിൽ മുഡുഗഭൂമി കയ്യേറി സ്വന്തമാക്കി. യഥാർത്ഥത്തിൽ അട്ടപ്പാടിയുടെ ചരിത്രശേഷിപ്പുകളുടെ ഉടമകളായ മുഡുഗർ ഇന്ന് എസ്റ്റേറ്റിലെ സീസൺ തൊഴിലാളികളായി ജോലി ചെയ്ത്, നിത്യവൃത്തി കഴിക്കാൻ നിർബന്ധിതരാകുന്നു. കള്ളമല ഊരിൽ അറുപഞ്ചോളം മുഡുഗ കുടുംബങ്ങളുണ്ട്. തൊട്ടടുത്ത വണ്ടൻപാറയിലെ മേലേ ഊരിൽ 26 കുടുംബങ്ങളും താഴെ ഊരിൽ 19 കുടുംബങ്ങളും വസിക്കുന്നു. വില്ലേജ് സംവിധാനം നിലവിൽ വന്നശേഷം കുടിയേറ്റം നിയന്ത്രണാതീതമായി അട്ടപ്പാടിയിൽ റീ സർവ്വേ നടന്ന 6 ഊരുകളിലൊന്നാണ് കള്ളമല. റീ സർവ്വേ പ്രകാരം കുടിയേറ്റക്കാർക്ക് എല്ലാം പട്ടയം ലഭിച്ചപ്പോൾ വൻതോതിൽ ഭൂമി നഷ്ടപ്പെട്ടു. 2006 ലെ വനാവകാശനിയമമാണ് കുറച്ചെങ്കിലും കള്ളമല ഊരിന്റെ യഥാർത്ഥ ഉടമകളെ പിന്തുണച്ചത്. എന്നാൽ 1900 ൽ ഉണ്ടായിരുന്ന ഭൂമിയുടെ 10% മാത്രമേ ഇപ്പോൾ ഊരുവാസികളുടേതായിട്ടുള്ളൂ.

**ഊരു ഭരണവ്യവസ്ഥ**

ആധുനികകാലത്തെ സർക്കാർനിയന്ത്രണങ്ങളും പുതിയ തലമുറയുടെ അവിവേകങ്ങളും ഊരിന്റെ ഭരണഘടനയിൽ കാതലായ മാറ്റങ്ങൾ ഉളവാക്കിയിട്ടില്ല. ഊരുമൂപ്പൻ, മണ്ണുകാരൻ, വണ്ടാരി, കുറുതലെ, എന്നിവരാണ് പ്രാധാന്യമനുസരിച്ച് ഊരിന്റെ ഭരണം കയ്യാളുന്നത്. ഊരിന്റെ അധിപനും ഭരണകർത്താവുമാണ് മൂപ്പൻ. ഊരിലെ കൃഷിയുടെ അമരക്കാരൻ ആണ് മണ്ണുക്കാരൻ. പേരു സൂചിപ്പിക്കുന്നത് പോലെ മണ്ണിന്റെയും കൃഷിയുടെയും ചുമതലയാണ് ഇദ്ദേഹം നിർവഹിക്കുന്നത്. നക്ഷത്രങ്ങളുടെ സ്ഥാനം അനുസരിച്ച് നല്ല ദിവസം നിശ്ചയിച്ച മണ്ണുക്കാരൻ സ്വന്തം ഗൃഹത്തിനകത്ത് പൂജ ചെയ്തശേഷം സ്വന്തം കൃഷിഭൂമിയിൽ വിത്തു വിതയ്ക്കും. തിരിച്ചുവന്ന് മണ്ണുക്കാരന്റെ വീട്ടിൽ ഉണ്ടാക്കിയ ഭക്ഷണം ഊരുനിവാസികൾക്ക് വിതരണം ചെയ്യും.

മണ്ണുക്കാരൻ വിത്തെറിഞ്ഞതിനുശേഷമേ മറ്റുള്ളവർക്ക് തങ്ങളുടെ കൃഷി ഭൂമിയിൽ വിത്തുവിതയ്ക്കാൻ അവകാശമുള്ളൂ. വണ്ടാരി ഊരിന്റെ സാമ്പത്തികനിയന്ത്രണങ്ങൾ നടത്തുന്നതോടൊപ്പം ഊരുനിവാസികൾക്കിടയിലെ ധാരണകൾ മൂപ്പനെ അറിയിക്കുകയും ചെയ്യും. കുറതലെ ഊരിലെ വക്കീൽ ആണെന്നാണ് ഊരുനിവാസികൾ പറയുന്നത്.

**തൊഴിൽ**

ആദ്യകാലങ്ങളിൽ ഉപ്പ്, വെളിച്ചെണ്ണ, ഉണങ്ങിയ മത്സ്യം എന്നിവ മാത്രമേ മുഡുഗർ വില കൊടുത്തു വാങ്ങുമായിരുന്നുള്ളൂ. കൃഷി, കന്നുകാലിസംരക്ഷണം, വനവിഭവശേഖരണം, എന്നിവയായിരുന്നു ജീവസന്ധാരണമാർഗ്ഗങ്ങൾ. ശിരുവാണി, ഭവാനി, ഭവാനിയുടെ കൈവഴിയായ വരകൈയാർ എന്നിവയിൽ നിന്നുള്ള സമൃദ്ധമായ ജലസേചനം കൃഷിക്ക് ഉപകരിച്ചു. ഇന്ന് വിദ്യാസമ്പന്നരായ ഊരുനിവാസികൾ സർക്കാർജോലി കാത്തും ചെറിയ വേതനത്തിൽ, ഊരുവിട്ട് ജോലിചെയ്തും കഴിഞ്ഞുകൂടുന്നു. ഊരുനിവാസികളെ സ്വയം പര്യാപ്തരാക്കാനുള്ള ലക്ഷ്യത്തോടെ ഊരുവർഗ്ഗക്കൂട്ടായ്മയായ 'തമ്പ്' ആസൂത്രണം ചെയ്ത 'കാർത്തുമ്പി'ക്കുട നിർമ്മാണയൂണിറ്റ്, തമ്പ് unicef- ന്റെ ആനുകൂല്യത്തോടെ നടത്തുന്ന തൊഴിലധിഷ്ഠിതമായ അനുബന്ധപ്രവർത്തനങ്ങൾ തുടങ്ങിയവ ഊരുനിവാസികൾക്ക് കൂടുതൽ തൊഴിൽസ്ഥിരതയും വരുമാനവും ഉറപ്പുവരുത്തുന്നുണ്ട്. ഊരുനിവാസികൾ ശേഖരിക്കുന്ന വനവിഭവങ്ങൾ ഏറ്റെടുത്ത് വിറ്റഴിക്കുന്ന സർക്കാർ/സർക്കാരേതര ഏജൻസികളും ഊരുനിവാസികൾക്ക് തൊഴിലിനു തക്ക വരുമാനം ഉറപ്പുവരുത്തുന്നു.

**കൃഷി**

പുനംകൃഷിരീതിയാണ് മുഡുഗർ പിന്തുടരുന്നത്. ഫലഭൂയിഷ്ഠമായ സ്ഥലത്ത് ആറുമാസം നീണ്ടു നിൽക്കുന്ന ചെറുധാന്യകൃഷി നടത്തും. രണ്ടോ മൂന്നോ വർഷം തുടർച്ചയായി കൃഷിയിറക്കിയതിനുശേഷം ഫലഭൂയിഷ്ഠത നഷ്ടപ്പെട്ട ആ പ്രദേശം ഉപേക്ഷിച്ച്, പുതിയ സ്ഥലത്ത് ഇതേ പ്രക്രിയ ആവർത്തിക്കും. റാഗി, ചാമ, ചോളം, തിന, അമര, തുമര, മത്തൻ, മുളക് എന്നിവ

കൃഷി ചെയ്തുപോന്നു. വിത്തെറിയുന്നതും വിളവെടുക്കുന്നതുമായി ബന്ധപ്പെട്ട ഉത്സവങ്ങളുണ്ട്. കമ്പളംകൊട്ടി[2] കൃഷിയിറക്കുകയാണ് പതിവ്. ചതുപ്പ് നിലങ്ങളിൽ കൃഷിയിറക്കിയിരുന്നു. ഇത് കുടിയേറ്റം ആരംഭിച്ച ആദ്യ നാളുകളിൽ നെൽകൃഷിക്ക് സൗകര്യമൊരുക്കി. മൂപ്പിൽനായർ ഏറ്റെടുത്ത സ്ഥലത്ത് കാപ്പി, കുരുമുളക്, റബ്ബർ, ഏലം തുടങ്ങിയ നാണ്യവിളകളായിരുന്നു പതിവ്. പുനംകൃഷി ചെയ്തുകൊണ്ടിരുന്ന കാലത്ത് ഭൂമി ഒരാളുടെ സ്വന്തമാണെന്ന് ധാരണയില്ലായിരുന്നു. രണ്ടോ മൂന്നോ വർഷം കൃഷിചെയ്ത ഭൂമി ഉപേക്ഷിച്ച് പോകുന്നത് പോലെ അക്കാലത്ത് താമസിച്ച കുടിലും ഉപേക്ഷിക്കും. പുതിയ കൃഷിസ്ഥലത്തിന് അടുത്താകും അപ്പോൾ വസതി. ഉപേക്ഷിക്കുന്ന കുടിലുകൾ അഗ്നിക്കിരയാക്കും. കാട്ടാന ഉപേക്ഷിക്കപ്പെട്ട കുടിൽ നശിപ്പിച്ചുകഴിഞ്ഞാൽ, ആ ശീലം കൊണ്ട് വാസസ്ഥാനം നശിപ്പിക്കാതിരിക്കാനുള്ള കരുതലായി ഗവേഷകർ ഈ രീതി ചൂണ്ടിക്കാണിക്കുന്നു ഈയർത്ഥത്തിൽ പ്രാകൃത കമ്മ്യൂണിസം[3] പുലർന്ന ഇടമായിരുന്നു കള്ളമല ഊരെന്നു പറയാം. ഇന്ന് ചെറുധാന്യകൃഷിയിൽ (Millet) അട്ടപ്പാടി ഏറെ മുന്നേറുന്നുണ്ട്. അട്ടപ്പാടിയുടെ തനതുജനസ്സുകളോടൊപ്പം സങ്കരയിനങ്ങളിൽപ്പെട്ട കന്നുകാലികളെയും വളർത്തിവരുന്നു. പാൽ സംഭരണകേന്ദ്രങ്ങളും മറ്റു കാർഷികവിഭവസംഭരണ- സംസ്കരണ യൂണിറ്റുകളും അട്ടപ്പാടിയിൽ വികസിതമായിക്കൊണ്ടിരിക്കുന്നു. എന്നാൽ മറ്റു പ്രദേശങ്ങളെ അപേക്ഷിച്ച് പഞ്ചായത്ത് പദ്ധതികളിൽ നൽകപ്പെടുന്ന മൃഗസംരക്ഷണ പദ്ധതികൾ വിജയിച്ചു കാണുന്നില്ല.

**വനവിഭവങ്ങൾ**

വിവിധയിനം തേനുകളായിരുന്നു ശേഖരിക്കപ്പെട്ട വനവിഭവങ്ങളിൽ ഒന്നാംസ്ഥാനത്തുള്ളത്. തൊട്ത്തി, തോലെ, കര്ണ്ടെ എന്നിങ്ങനെയാണ് അവയ്ക്ക് മുഡുഗ ഭാഷയിലെ പേര്. തൊട്ത്തി ചെറുതേനാണ്. മരപ്പൊത്തുകൾ, വീടിന്റെ ഭിത്തിയിലെ ചെറിയ ദ്വാരങ്ങൾ എന്നിവയിൽ കൂട്ടുകൂട്ടുന്ന ചെറുതേനീച്ച സംഭരിക്കുന്ന തേനാണ് തോലെ. കല്ലിന്റെയും പാറക്കെട്ടുകളുടെയും ഇടയിൽ ചിലയിനം തേനീച്ചകൾ കൂട്ടുകെട്ടി സംഭരിക്കുന്ന തേനാണ് കര്ണ്ടെ. ഈ തേൻ വളരെ കുറഞ്ഞ അളവിലേ

ലഭിക്കും. മെഴുക്ക് കൂടുതലും ചെറിയ കയ്പ്പുരസവുമുള്ള ഈ തേനിന് ഔഷധശക്തി കൂടുതലാണ്. ചെറു മൃഗങ്ങളെ വേട്ടയാടിപ്പിടിച്ച് ഭക്ഷിക്കുന്നതും മുഡുഗരുടെ പതിവാണ്. ആയുർവ്വേദ മരുന്നുനിർമ്മാണത്തിനുപയോഗിക്കുന്ന ഔഷധച്ചെടികളുടെ വൻശേഖരവും അട്ടപ്പാടിക്ക് തനതാണ്. വിവിധതരം തേൻ, ഔഷധസസ്യങ്ങൾ എന്നിവ ശേഖരിക്കുന്ന ഊരുനിവാസികൾക്ക് പലപ്പോഴും അർഹിക്കുന്ന പ്രതിഫലം ലഭിക്കുന്നതിന് ഇടനിലക്കാർ തടസ്സമായിത്തീരുന്നു.

**മത്സ്യബന്ധനം**

ഭവാനിപ്പുഴ, ശിരുവാണിപ്പുഴ, കാട്ടിനുള്ളിലെ മണിയാർ, വരകൈയാർ എന്നിവിടങ്ങളിൽ നിന്ന് ഭക്ഷണാർത്ഥം മത്സ്യബന്ധനം നടത്തിയിരുന്നു. മറ്റു തൊഴിലുകളെപ്പോലെ ഇതൊരു സ്ഥിരംചര്യയായിരുന്നില്ലെന്നു തോന്നുന്നു. കൃഷിയും വനവിഭവശേഖരണവും അസാധ്യമായ സമയങ്ങളിലോ ഒഴിവുസമയങ്ങളിലോ ആണ് മത്സ്യബന്ധനം നടത്തിയിരുന്നത്. ഒരു വ്യക്തിയുടെ കാൽമുട്ടു വരെ ഉയരത്തിലുള്ള നദീജലത്തിൽ ഏഴ് അടുക്ക് വ്യത്യസ്തതരം മത്സ്യങ്ങൾ ഉണ്ടായിരുന്നുവെന്നാണ് ഒരു ഊരുനിവാസി പറഞ്ഞത്. എന്നാൽ, ശിരുവാണി ഡാമിന്റെ നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിച്ചതോടെ ഈ ജലശേഖരം നന്നേ കുറഞ്ഞു. കനത്ത മഴക്കാലത്തൊഴികെ, കാൽപാദം നനയ്ക്കുവാൻ മാത്രം ജലമാണ് ഇന്ന് നദിയിലുള്ളത്. ഇത് മത്സ്യസമ്പത്ത് നാമാവശേഷമാക്കി. മറ്റു പ്രദേശങ്ങളിൽ നിന്നു കൊണ്ടുവരുന്ന ഉപ്പിട്ടുണക്കിയ മത്സ്യങ്ങൾകൊണ്ട് ഇന്ന് ഊരുനിവാസികൾ തൃപ്തിപ്പെടുന്നു.

**ഭക്ഷണവിഭവങ്ങൾ**

ആദ്യകാലങ്ങളിലെ പോഷകസമ്പന്നമായ പ്രകൃതിജീവനം ആധുനികകാലത്ത് മുഡുഗവംശത്തിന് നഷ്ടപ്പെട്ടു. പണ്ട് റാഗി, ചാമ, തിന, ചോളം, അമര, തുമര, മത്തൻ തുടങ്ങിയവ ഭക്ഷണാർത്ഥം കൃഷി ചെയ്തുപോന്നു. എന്നാൽ, നിരവധിയിനം ചീരകളും അറുപതോളം ഇലക്കറികളും കൃഷിചെയ്യാതെത്തന്നെ സിദ്ധിച്ചിരുന്നു. പുഴയോരങ്ങളിൽ നിന്ന് ശേഖരിച്ചിരുന്ന

പന്നൽ വിഭാഗത്തിൽപ്പെട്ട ശീങ്കെശൊപ്പ്, മുളക്കീരെശൊപ്പ്, ഫട്ടിക്കീരെശൊപ്പ്, കട്ക്ശൊപ്പ്, കഥാങ്ക്ശൊപ്പ്, ഫണ്ണെശൊപ്പ്, ഈന്ത്ശൊപ്പ്, ഫാസാട്ടിശൊപ്പ്, ആട്ടങ്കായ്ശൊപ്പ് തുടങ്ങിയവ പ്രധാനങ്ങളാണ്. പാലി, മുന്നെ, ചക്കര, ടാവ് തുടങ്ങിയ അറുപതോളം ഇലക്കറികളും ഇവരുടെ ഭക്ഷണത്തിൽ ഉൾപ്പെട്ടിരുന്നു. പുഴകളിൽനിന്ന് ശേഖരിക്കുന്ന മത്സ്യം, വ്യത്യസ്തയിനം തേനുകൾ എന്നിവയും അവരുടെ ഭക്ഷ്യവിഭവങ്ങളിൽ ഉൾപ്പെട്ടിരുന്നു. കുടിയേറ്റംമൂലം കൃഷിഭൂമി അന്യാധീനപ്പെട്ടതും റേഷനരിയുടെ ലഭ്യതയും സ്വാശ്രയത്വം പ്രദാനം ചെയ്യുന്ന തനതുകൃഷിരീതികളിൽനിന്ന് മുഡുഗർ അകന്നു പോകാൻ കാരണമായി. പോഷകസമൃദ്ധമായ തനതുഭക്ഷണവിഭവങ്ങൾ ഇല്ലാതാവുകയും പോഷകരഹിതമായ ആധുനിക ഭക്ഷണരീതിയിലേയ്ക്ക് മാറുകയും ചെയ്തതോടെ ഊരുനിവാസികൾക്കിടയിൽ അനാരോഗ്യം വർദ്ധിച്ചു. വിളർച്ച, സിക്കിൾസെൽ അനീമിയ, ഗർഭസ്ഥശിശുമരണം തുടങ്ങിയവ ഇന്ന് ഊരുനിവാസികളിലെ അനാരോഗ്യത്തുടർച്ചയുടെ നേർസാക്ഷ്യങ്ങളാണ്.

**ആരാധനാസമ്പ്രദായം**

ദേവിയായിരുന്നു ആരാധനാമൂർത്തി. ശിലെങ്കലമ്മെ എന്നാണ് ദേവിയുടെ പേര്. ഊരുനിവാസികൾ വർഷത്തിലൊരിക്കലാണ്- ഉത്സവസമയത്തു മാത്രം -ദേവിയെ പൂജിച്ചിരുന്നത്. പകർച്ചവ്യാധികൾ പടർന്നു പിടിക്കുമ്പോഴും പൂജ നടത്തിയിരുന്നു. ഊരുമൂപ്പനാണ് പൂജ നടത്തിയിരുന്നത്. തുടർച്ചയായ കുടിയേറ്റങ്ങൾക്കിടയിൽ കള്ളമല ഊരിലെ മുഡുഗക്ഷേത്രം അധിനിവേശകരുടെ കയ്യിലായി. മുസ്ലിംകുടിയേറ്റക്കാരുടെ അധീനതയിലായിരുന്ന പ്രസ്തുതക്ഷേത്രം പിൽക്കാലത്ത് ഒരു സംഘം ആർ.എസ്.എസ്. പ്രവർത്തകർ ഒഴിപ്പിക്കുകയും അവിടെ മഹാദേവ പ്രതിഷ്ഠ നടത്തുകയും ചെയ്തുവത്രേ. വർഷത്തിലൊരിക്കൽ ഉത്സവദിവസംമാത്രം മുഡുഗപൂജാരി ഇവിടെ പൂജ നടത്തും. മറ്റു ദിനങ്ങളിൽ എല്ലാം ഹൈന്ദവ വിശ്വാസപ്രകാരമുള്ള ആരാധനകളാണ് നടക്കുന്നത്. കുടിയേറ്റക്കാരുടെ ആരാധനാലയങ്ങളും ഇവിടെയുണ്ട്. ഒരു മുസ്ലിം പള്ളിയും രണ്ട് ക്രിസ്ത്യൻ പള്ളികളും ഇവിടെ സ്ഥിതി ചെയ്യുന്നു.

**വൈദ്യപാരമ്പര്യം**

ഒറ്റമൂലിവൈദ്യം വഴി കാൻസർ ഉൾപ്പെടെയുള്ള രോഗങ്ങൾ ഇല്ലാതാക്കുന്ന വള്ളിയമ്മാൾഗുരുകുലത്തിന്റെ തുടർച്ചയാണ് കള്ളമലയിലെ പാരമ്പര്യവൈദ്യരും.
പൊന്നിയമ്മാൾ ഗുരുകുലത്തിന്റെ സമകാലത്തെ ഏറ്റവും തിളക്കമേറിയ സംഭാവനയാണ് രാജേഷ് വൈദ്യൻ. മുക്കാലിയിലെ പൊന്നിയമ്മാൾഗുരുകുലം അട്ടപ്പാടിയിലെ സമഗ്രമായ ഒറ്റമൂലി ചികിത്സയുടെ കേന്ദ്രമാണെന്നു പറയാം. ഇവിടത്തെ തലമുതിർന്ന വൈദ്യ ശ്രീമതി കാളി, തൊണ്ണൂറുവയസ്സ് പിന്നിട്ടിട്ടും വൈദ്യവൃത്തി തുടരുന്നു. അട്ടപ്പാടിക്കു പുറത്ത്, കേരളത്തിലെ പട്ടണങ്ങളിൽ ആദിവാസിവൈദ്യത്തിന്റെ മാഹാത്മ്യം തെളിയിച്ച ഒറ്റമൂലിചികിത്സകനാണ് മാരി വൈദ്യൻ. അഗളിയിലെ സർക്കാർ ആശുപത്രിയുടെയും കോട്ടത്തറയിലെ ട്രൈബൽ സ്പെഷാലിറ്റി ആശുപത്രിയിലെയും അലോപ്പതി ചികിത്സയാണ് മുഡുഗവിഭാഗത്തിലെ പുതുതലമുറയ്ക്ക് പഥ്യം.

**വിദ്യാഭ്യാസം**

പ്രാഥമിക/ ദ്വിതീയ വിദ്യാഭ്യാസം നൽകുന്ന സർക്കാർ സ്കൂളുകൾ അഗളി, പുതൂർ, ഷോളയൂർ പഞ്ചായത്തുകളിലുണ്ട്. IHRD കോളേജ് (അഗളി), ഗവൺമെന്റ് കോളേജ് (കോട്ടത്തറ), ITC (മട്ടത്തുകാട്) എന്നിവയും യുവതലമുറയ്ക്ക് ഉന്നതവിദ്യാഭ്യാസം നൽകാൻ ഉദ്ദേശിച്ചുള്ളവയാണ്. ഊരിലെ അന്തരീക്ഷത്തിൽനിന്നും അകറ്റി, കുട്ടികളിൽ ആന്തരികവ്യതിയാനവും പരിഷ്കാരവും വരുത്താൻ ഉദ്ദേശിച്ച നിർമിച്ച പ്രീമെട്രിക്/പോസ്റ്റ്മെട്രിക് ഹോസ്റ്റലുകൾ പലതും ജീർണാവസ്ഥയിലാണ്. ഉന്നതവിദ്യാഭ്യാസം നേടിയ യുവതലമുറയെ സംബന്ധിച്ചിടത്തോളം ലിപിവ്യവസ്ഥയില്ലാത്ത ഗോത്രഭാഷകൾ പാട്ടുകളിലൂടെയും ചൊല്ലുകളിലൂടെയും പകർന്നുകൊടുക്കുന്ന ഉദാത്തമായ മനുഷ്യജ്ഞാനം ഉൾക്കൊള്ളാനായിട്ടില്ല. മുഡുഗഭാഷയുടെ സമ്പന്നത, മലയാളം/ഇംഗ്ലീഷ് മീഡിയങ്ങളിലെ വിദ്യാഭ്യാസത്തിലൂടെ ഊരുനിവാസികൾക്ക് ആർജ്ജിക്കാനാവുന്നില്ല. മുഡുഗവിദ്യാർഥികളെ സംബന്ധിച്ചിടത്തോളം ഭാഷാപരമായ പ്രശ്നം അവരുടെ വിദ്യാഭ്യാസ പുരോഗതിയെ കാര്യമായി ബാധിച്ചിട്ടുണ്ട്. പ്രാഥമികതലംമുതൽ വി

ദ്യാഭ്യാസം ഉപേക്ഷിക്കുന്ന കുട്ടികളെക്കുറിച്ച് രാജേന്ദ്രപ്രസാദ് 'ഗാവ്' എന്ന ഡോക്യുമെന്ററി സംവിധാനം ചെയ്തിട്ടുണ്ട്. പഴയ തലമുറ ഭാഷയ്ക്കും സംസ്കാരത്തിനും നൽകിയ പ്രാധാന്യം, ഉന്നത വിദ്യാഭ്യാസം നേടിയ പുതുതലമുറ അവഗണിക്കുന്നതുമൂലം സംഭ വിക്കുന്ന സ്വത്വപ്രതിസന്ധി ഏറെ രൂക്ഷമാണ്.

**സ്ത്രീശാക്തീകരണം മുഡുഗസമുദായത്തിൽ**

ആധുനികലോകം ഉയർത്തിപ്പിടിച്ച സ്ത്രീപുരുഷസമത്വ ത്തിന്റെ മാതൃക നൂറ്റാണ്ടുകൾക്ക് മുൻപേ മുഡുഗർ അനുവർത്തി ച്ചു പോന്നു. തൊഴിലിടങ്ങളിലും സമത്വം നിലനിന്നിരുന്നു. ഒരേ ജോലി പുരുഷനും സ്ത്രീയും ചെയ്യുമ്പോൾ സ്ത്രീക്ക് കൂടുതൽ ഇളവ് നൽകുകയോ സ്ത്രീ ഇളവ് ആവശ്യപ്പെടുകയോ ചെയ്തിരുന്നില്ല. സ്ത്രീയോട് പൊതുവേ ബഹുമാനം നിറഞ്ഞ സമീപനം കൈക്കൊ ണ്ടിരുന്നു. ചടങ്ങുകൾ നടക്കുമ്പോൾ സഹായത്തിന് സ്ത്രീക്കൂട്ടായ്മ യോടൊപ്പം വീടിവീണാരെ[4] എന്ന സംഘവും ഉണ്ടായിരുന്നു. സ്ത്രീപുരുഷന്മാർ പരസ്പരം അകറ്റിനിർത്തപ്പെടേണ്ടവരായി പരി ഗണിച്ചിരുന്നില്ല. തീണ്ടാരിയായ പെൺകുട്ടിക്ക് സവിശേഷപരി ഗണന നൽകിവന്നു. അപരിചിതരെ സ്ത്രീരക്ഷ മുൻനിർത്തി കുടി കളിലെ പൊതുവിശ്രമസ്ഥലത്തിനപ്പുറം പ്രവേശിപ്പിച്ചിരുന്നില്ല.

**വിവാഹം**

സ്ത്രീക്ക് പുരുഷൻ ധനം നൽകി, സ്ത്രീയെ സ്വന്തമാക്കുന്ന വ്യവസ്ഥ നിലനിന്നിരുന്നു. പുരുഷന്റെ തൊഴിൽസാമർഥ്യം പരിഗണിച്ചാണ് പെൺകുട്ടിയുടെ വീട്ടുകാർ അയാളെ വരനായി തിരഞ്ഞെടുത്തിരുന്നത്. പ്രതിശ്രുതവധുവിന്റെ കുടുംബത്തിലെ കൃഷിജോലികളിൽ ചുമതലയേറ്റ് സാമർത്ഥ്യം തെളിയിച്ചാലേ വിവാഹം നടക്കൂ. വിവാഹത്തിന് കുലമര്യാദയും പാലിച്ചു പോ ന്നിരുന്നു. കുറുട്ടിഗെ, വെള്ളിഗെ, കുപ്പണിഗെ, ആറൂരെ, വണ്ടാർ, കുത്താർ, തുടങ്ങി 6 മൂപ്പ്ക്കാർ[5] ഇവിടെയുണ്ട്. പണ്ടുകാലത്ത് തങ്ങളേക്കാൾ താഴ്ന്ന വിഭാഗമായി കണക്കാക്കിയിരുന്ന കുറുമ്പർ ക്കും ഇരുളർക്കും മുഡുഗപ്പെൺകുട്ടികളെ വിവാഹം ചെയ്തു കൊ ടുത്തിരുന്നില്ല. എന്നാൽ പുരുഷന്മാർക്ക് കുറുമ്പപ്പെൺകുട്ടികളെ വിവാഹം ചെയ്യാം. ഇരുളരോട് വിവാഹ കാര്യത്തിൽ അയിത്തം

പുലർത്തിയിരുന്നു. വിവാഹമോചനവും പുനർവിവാഹവും അനു വദനീയമായിരുന്നു. ഇന്ന് ഈ സാമൂഹ്യനീതിയെല്ലാം പുതുതല മുറ അത്രകണ്ട് പാലിക്കാറില്ല.

**മുഡുഗരും ജന്മിസമ്പ്രദായവും**

ഒടുവിലത്തെ മൂപ്പിൽനായർ പാറുക്കുട്ടിയമ്മയാണ്. മൂ പ്പിൽനായർ മണ്ണാർക്കാട് നിവാസിയായതിനാൽ മണ്ണാർക്കാട് പൂരത്തിൽ മുഡുഗർക്ക് പങ്കാളിത്തമുണ്ട്. പൂരത്തിന്റെ വേദി നിർ മ്മിക്കാനുള്ള ഉത്തരവാദിത്വം മുഡുഗർക്കാണ്.

**മരണാനന്തരസമ്പ്രദായങ്ങൾ**

മുഡുഗരുടെ മൃതസംസ്കാരച്ചടങ്ങുകൾ ഇതര ഗോത്രക്കാ രിൽ നിന്നും വ്യത്യസ്തമാണ്. സംസ്കരിക്കുന്ന സ്ഥലം മുഡുഗത്തറ എന്നറിയപ്പെടുന്നു. സംസ്കാരത്തിനുശേഷം ഒരു വർഷം കഴിഞ്ഞ് പരേതന്റെ അസ്ഥി- താടിയെല്ല് അഥവാ തോളെല്ല്- എടുത്ത് കു ന്നുകളിലോ മലനിരകളിലോ മറവ് ചെയ്യും. പരേതന്റെ അസ്ഥി കൂടാരത്തിൽ കൊണ്ടുവയ്ക്കുന്ന സമയത്ത് 'ബീട്ടിമര കട്ടബെട്ടി' എന്ന ഗാനം ആലപിക്കും. കോട്ടത്തറയിലെ ആരോഗ്യമാതാ സ്കൂളിന്റെ കോൺവെന്റ് കെട്ടിടം നിലനിൽക്കുന്നിടത്തും കോ ട്ടത്തറയിലെ പ്രീമെട്രിക് ഗേൾസ് ഹോസ്റ്റലിന്റെ മുൻവശത്തും മുഡുഗത്തറയുണ്ടായിരുന്നു. ജെല്ലിപ്പാറയിലും കള്ളക്കരയിലെ ചന്ദ്രമലയിലും അസ്ഥിത്തറയുണ്ട്. കോട്ടത്തറയിൽനിന്നുള്ള മുഡു ഗരുടെ പലായനത്തിനുശേഷം ഇരുളർ ചന്ദ്രമലയിലെ അസ്ഥി ത്തറയും ക്ഷേത്രവും കയ്യടക്കി. എന്നാൽ അധികം വൈകാതെ ഇരുളരിൽനിന്നും ചന്ദ്രമലയിലെ മുഡുഗ അസ്ഥിത്തറയും ക്ഷേത്ര വും തമിഴർ കൈക്കലാക്കി. 60 വർഷത്തോളമായി, ക്ഷേത്രവും പരിസരത്തുള്ള അസ്ഥിത്തറയും തമിഴരുടെ അധീനതയിലാണ്. കുമ്മിയാട്ടം എന്ന കലാരൂപം മുഡുഗമൃതസംസ്കാരച്ചടങ്ങുകൾക്കു ശേഷം ഒഴിച്ചുകൂടാനാവാത്തതാണ്.

**മുഡുഗരും കുടിൽ വ്യവസായങ്ങളും**

ITDP യുടെ നേതൃത്വത്തിലുള്ള കൈത്തറിവസ്ത്രനിർമ്മാണ പ്രവർത്തനങ്ങൾ ആദ്യകാലത്ത് ഊർജ്ജസ്വലമായിരുന്നെങ്കി

ല്യം പിന്നീട് നിലച്ചു. തമ്പിന്റെ നേതൃത്വത്തിലുള്ള 'കാർത്തുമ്പി കുടനിർമാണ' യൂണിറ്റുകൾ ഇപ്പോഴും പ്രവർത്തിക്കുന്നു.

**ഉപസംഹാരം**

ലോകത്തിന്റെ ഉന്നതിയിൽ സ്ഥിതിചെയ്യുന്ന ഒരു സംസ്കാരത്തിന്റെ ഉടമകൾ മതിയായ ആഹാരം ലഭിക്കാതെ പട്ടിണി മരണത്തിന് കീഴടങ്ങുകയും അവരുടെ ശിശുക്കൾ അനാരോഗ്യം മൂലം മരണമടയുകയും നിരവധി ആരോഗ്യപ്രശ്നങ്ങൾക്ക് കീഴടങ്ങുകയും ചെയ്യുന്ന ദൈന്യതയാണ് 1950 ന ശേഷം അരങ്ങേറിയത്. ഉന്നതവിദ്യാഭ്യാസവും ആധുനിക ചികിത്സാവിധികളും അവരെ തങ്ങളുടെ ഉൽകൃഷ്ടമായ പാരമ്പര്യത്തിൽ നിന്നും താഴെയിറക്കുകയും പരിഷ്കൃതലോകത്തോട് സമരസപ്പെടാനാവാതെ അരക്ഷിതത്വത്തിൽ ഉപേക്ഷിക്കുകയും ചെയ്തു. കള്ളമല ഊരിലെ പഴമക്കാരുടെ നാവിൻതുമ്പിൽ നിന്നടർന്ന സൗവർണ്ണ ഭൂതകാലസ്മരണകളിൽ ചിലതുമാത്രമാണ് ഞാനിവിടെ പകർത്തിയത്. വിസ്താരഭയത്താൽ നിരവധി ഘടകങ്ങൾ ചുരുക്കി പ്രതിപാദിക്കുകയോ വിട്ടുകളയുകയോ ചെയ്തിട്ടുണ്ട്.

**മുഡുഗജനത – മാറ്റത്തിന്റെ നാൾവഴികൾ**

1. 1956 - മണ്ണാർക്കാട് കമ്മ്യൂണിറ്റി വികസന ബ്ലോക്കിന്റെ ഭാഗമായി.
2. 1962 - പഞ്ചായത്ത് രൂപീകരണം.
3. 1963 - ട്രൈബൽ വികസന ബ്ലോക്കിന്റെ ഭാഗമായി അഗളി സർക്കാർ ആശുപത്രി നിലവിൽ വന്നു കോട്ടത്തറയിൽ പുഴയ്ക്ക് കുറുകെ പാലം വരികയും റോഡ് കോയമ്പത്തൂർ വരെ നീളുകയും ചെയ്തു.
4. 1965 - ക്ഷീരസഹകരണസംഘം അട്ടപ്പാടിയിൽ നിലവിൽ വന്നു.
5. 1968 - അഗളി ഗ്രാമപഞ്ചായത്ത് നിലവിൽ വന്നു.
6. 1970 - ഭൂപരിഷ്കരണ നിയമം.
7. 1977 - കർഷക സഹകരണ സംഘം നിലവിൽ വന്നു.
8. 1979 - I.C.D.S. ആരംഭിച്ചു.
9. 1986 - ട്രൈബൽ ലാൻഡ് റെസ്ട്രിക്ഷൻ ബിൽ നിയമവിധേയമായി.

10. 1988 – കൃഷ്ണവനം പ്രോജക്ട്.
11. 1995 – അഹാഡ്സ് പ്രവർത്തനമാരംഭിച്ചു. ആദിവാസി ഊരുകളുടെ കൂട്ടായ്മയായി തമ്പ് [center for tribal education and research] ആരംഭിച്ചു.
12. 1996 – ജപ്പാൻ ബാങ്ക് ഓഫ് ഇന്റർനാഷണൽകോർപ്പറേഷൻ സഹായത്തോടെ പരിസ്ഥിതി പുനരുദ്ധാരണ പ്രോജക്ട് നടപടികൾ ആരംഭിച്ചു.
13. 1996 – ആദിവാസി ഭൂമി കൈമാറ്റ നിയമം തടഞ്ഞു.
14. 2000 – പട്ടയവിതരണം അഹാഡ്സ് പരിസ്ഥിതി പുനരുദ്ധാരണ പ്രോജക്ട് പ്രവർത്തനം തുടങ്ങി.
15. 2002 – തമ്പിന്റെ മുഖപത്രമായ ഗോത്രഭൂമി ആരംഭിച്ചു.
16. 2006 – തൊഴിലുറപ്പ് പദ്ധതി ആരംഭിച്ചു. വനാവകാശ നിയമം നിലവിൽ വന്നു.
17. 2010 – IHRD കോളേജ് സ്ഥാപിച്ചു.
18. 2012 – അട്ടപ്പാടിയിൽ ഗവൺമെന്റ് കോളേജ് നിലവിൽ വന്നു.
19. 2013 – അട്ടപ്പാടിയിലെ ശിശുമരണങ്ങളെ കുറിച്ചുള്ള വിദഗ്ദ പഠനങ്ങളുടെറിപ്പോർട്ടുകൾ പ്രസിദ്ധീകരിക്കപ്പെട്ടു.
    - യൂണിസെഫ് റിപ്പോർട്ട്
    - നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ന്യൂട്രീഷൻ റിപ്പോർട്ട്
    - ഡോ. ബി. ഇക്ബാൽ കമ്മിറ്റി റിപ്പോർട്ട്
    - കേരള യുക്തിവാദി സംഘം റിപ്പോർട്ട്.
    - ക്ലിഫ്റ്റോൻ ഡി റൊസാരിയോ റിപ്പോർട്ട്.
20. 2017 – അഹാർഡ്സിനു പകരം പ്രവർത്തനങ്ങൾ ഏകോകിപ്പിക്കാൻ കില രൂപംകൊണ്ടു.
21. 2021 – അട്ടപ്പാടി താലൂക്ക് നിലവിൽ വന്നു.

**കുറിപ്പുകൾ**

1. നിബിഡവനം.
2. പൂജയ്ക്ക് ഊരിലെ പേര്.
3. "പ്രകൃതി വിഭവങ്ങൾ മനുഷ്യനു വേണ്ടതിലധികമായിരുന്നു. പരസ്പരം മത്സരിക്കേണ്ട ആവശ്യമുണ്ടായിരുന്നില്ല. അതുകൊണ്ട് ചില സ്ഥലങ്ങളിൽ ഈ പുരാതനകാലത്ത് യാതൊരു കലഹവുമില്ലാതെ പരസ്പരം സഹകരിച്ചു ജീവിക്കുന്ന മനുഷ്യസംഘങ്ങൾ ഉണ്ടായിരുന്നതായി ചരിത്രം പറയുന്നു. ഇത്തരം സമുദായവ്യവസ്ഥിതിക്ക് പ്രാകൃതകമ്മ്യൂണിസം എന്ന് ശാസ്ത്രജ്ഞന്മാർ പേരു

കൊടുത്തിരിക്കുന്നു" സി.ജെ.തോമസ് (35-6).

4. ചടങ്ങുകൾ നടക്കുമ്പോൾ സഹായത്തിനുവേണ്ടി ചുമതലപ്പെട്ടുത്തപ്പെട്ട യുവാക്കളായ സ്ത്രീ പുരുഷന്മാർ ഉൾപ്പെട്ട സംഘത്തിന്റെ പേര്
5. കുലങ്ങൾ

**ആവേദകർ**

1. രാമു - കള്ളമല ഊര്
2. ലക്ഷ്മണൻ- s/o കണ്ണൻ
3. മുരുകൻ - s/o പുലയൻ
4. വിജയൻ - s/o നാഗൻ
5. ബിന്ദു - w/o കുമാരൻ
6. മരുതി - w/o പണലി
7. ലക്ഷ്മി- w/o കക്കി

**സഹായക ഗ്രന്ഥങ്ങൾ**

കരുണാകരൻ, സി.കെ., 2007 *ആദിവാസികളുടെ ലോകം വനവാസികൾ*, കേരള ഭാഷ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.

തോമസ്, സി.ജെ., 1951 *സോഷ്യലിസം,* നാഷണൽ ബുക്ക് സ്റ്റാൾ, കോട്ടയം. മണികണ്ഠൻ, എ.ഡി. ഡോ., 2022 അട്ടപ്പാടി പ്രാക്തനസംസ്കൃതിയുടെ ശേഷിപ്പുകൾ, ഐവറി ബുക്ക്സ് പ്രൈവറ്റ് ലിമിറ്റഡ്, തൃശ്ശൂർ.

രാജേന്ദ്ര പ്രസാദ്, കെ., 2019 *എന്റെ ഹൃദയത്തിലെ ആദിവാസി,* ആപ്പിൾ ബുക്ക്സ്, പാലക്കാട്.

mercyjollyayana@gmail.com